**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 380** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>പാനൂർ ഫയർ സ്റ്റേഷന്റെ അടിസ്ഥാന സൗകര്യ വികസനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. പ്രവീൺ

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് ഫയർ സ്റ്റേഷനുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് ഫയർ സ്റ്റേഷനുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഫയർ സ്റ്റേഷനുകളിൽ ആധുനിക രീതിയിലുള്ള വാഹനങ്ങൾ, ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ വകുപ്പ് തലത്തിൽ സ്വീകരിച്ച് വരുന്നു. കൂടാതെ ജീവനക്കാരുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഫണ്ട് വിനിയോഗിച്ച് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് വരുന്നു.

**(ബി)** കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ പാനൂർ ഫയർ സ്റ്റേഷൻ ഉദ്ഘാടനം ചെയ്യപ്പെട്ടെങ്കിലും ഫണ്ട് മതിയാവാതെ വന്നതിനാൽ ചുറ്റുമതിൽ നിർമ്മിക്കുന്നതിനും മുറ്റം ഇന്റർലോക്ക് ചെയ്യുന്നതിനും സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് യാഥാർത്ഥ്യമാക്കുന്ന കാര്യം പ്രത്യേകം പരിഗണിക്കുമോ; വിശദമാക്കാമോ;

**<u>മറുപടി:</u>** കൂത്തുപറമ്പ് നിയോജക മണ്ഡലത്തില പാനൂർ ഫയർ സ്റ്റേഷൻ്റെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റ് തയ്യാറാക്കിയ പ്പോൾ മുറ്റം ഭാഗികമായി ഇന്റർലോക്ക് ചെയ്യാനും ചുറ്റുമതിൽ നിർമ്മിക്കുന്നതിനും എസ്റ്റിമേറ്റ് തുക വകയിരുത്തിയിട്ടുണ്ടായിരുന്നെങ്കിലും കെട്ടിട നിർമാണത്തോടനുബന്ധിച്ച് ആവശ്യം വേണ്ട ചിലയിനങ്ങൾ അധികമായി ചെയ്യേണ്ടി വന്നതിനാൽ ലഭ്യമായ തുക ഉപയോഗിച്ച് മുറ്റം ഇന്റർലോക്ക് ചെയ്യുവാനും ചുറ്റുമതിൽ നിർമ്മാണം പൂർത്തീകരിക്കാനും സാധിച്ചിരുന്നില്ല. കെട്ടിടത്തിന്റെ പിൻഭാഗത്ത് മണ്ണ് നിറച്ച് ഉയർത്തിയ ഭാഗവും പടിഞ്ഞാറുഭാഗവും ചുറ്റുമതിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. മുറ്റം ഇന്റർലോക്ക് ചെയ്യുന്നതിനും ചുറ്റുമതിൽ നിർമ്മാണം പൂർത്തീകരിക്കുന്നതിനും ₹53,20,000/- രൂപയുടെ അടങ്കലിൽ പ്രത്യേക എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

**(സി)** ഫയർ സ്റ്റേഷന്റെ പ്രവർത്തനത്തിന് അത്യാവശ്യമായി വേണ്ടിവരുന്ന ഫർണിച്ചറുകളും മറ്റും സന്നദ്ധ സംഘടനകളും വ്യക്തികളും സംഭാവനയായി നൽകിയെങ്കിലും ആയത് പര്യാപ്തമല്ലാത്ത സാഹചര്യത്തിൽ ആധുനിക സൗകര്യങ്ങൾ സ്ഥാപനത്തിൽ ഒരുക്കുന്നതിന് വകുപ്പ് തലത്തിൽ മുൻകയ്യെടുക്കുമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** പാനൂർ ഫയർ സ്റ്റേഷന്റെ പ്രവർത്തനത്തിന് അത്യാവശ്യമായി വേണ്ടി വരുന്ന ഫർണ്ണിച്ചറുകളും മറ്റും, സന്നദ്ധ സംഘടനകളും വ്യക്തികളും സംഭാവനയായി നല്കിയിട്ടുള്ളതും ആയത് സ്റ്റേഷൻ പ്രവർത്തനത്തിന് പര്യാപ്തവുമാണ്.

**സെക്ഷൻ ഓഫീസർ**